1. യേശു താൻ ദൈവമാണെന്ന് ബൈബിളിൽ പറഞ്ഞിട്ടില്ല. പിന്നെ എങ്ങനെ ക്രിസ്ത്യാനികൾക്ക് യേശു ദൈവമാണെന്ന് പറയാൻ കഴിയും?

**Answer: ആദ്യമായി നാം മനസ്സിലാക്കേണ്ടത്, ഒരാൾ ദൈവം ആണ് എന്ന് സ്വയം അവകാശപ്പെട്ടാൽ അയാൾ ദൈവം ആകില്ല, ആകുമായിരുന്നു എങ്കിൽ ഇന്നുള്ള ദൈവം എന്ന് സ്വയം അവകാശപ്പെടുന്ന എല്ലാവരെയും ദൈവം എന്ന് അന്ഗീകരിക്കേണ്ടി വന്നേനെ.**

എന്നാൽ ഒരാൾ ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന കാര്യം ചെയ്യുകയാണ് എങ്കിൽ, അല്ലെങ്കിൽ ദൈവത്തിനു മാത്രം ഉള്ള കഴിവ്,ഗുണങ്ങൾ എന്നിവ ഉള്ളയാൾ ആണ് എങ്കിൽ അയാൾ തീർച്ചയായും ദൈവം ആയിരിക്കും.

അതിനാൽ നമുക്ക് ആദ്യമായി, യേശുക്രിസ്തു ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന , ദൈവത്തിനു മാത്രം അവകാശപ്പെടാൻ കഴിയുന്ന കഴിവുകൾ ഉള്ളവൻ ആയിരുന്നുവോ എന്ന് നോക്കാം,

**ദൈവത്തിനു ഉണ്ടാകേണം എന്ന് പോതുലോകവും, എല്ലാ മതങ്ങളും അങ്ങീകരിക്കുന്ന ചില കാര്യങ്ങൾ ആണ്, നിത്യത, സർവ്വശക്തി , സർവ്വവ്യപിത്വം ,സര്വ്വജ്ഞാനം,ആരാധനയ്ക്ക് യോഗ്യൻ എന്നിവ. ഈ ഗുണങ്ങൾ ഉള്ള വ്യക്തി അയാൾ അവകാശപ്പെട്ടാലും ഇല്ലെങ്കിലും ദൈവം തന്നെയാണ്.**

നിത്യത: യേശുക്രിസ്തുവിനെപ്പറ്റി അവൻ നിത്യൻ ആണ് എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു.

ഹെബ്രയർ 13:8 യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ.

ഹെബ്രയർ 1:8 പുത്രനോടോ: "ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതു;

സർവ്വശക്തി: യേശുക്രിസ്തു സർവ്വശക്തൻ ആണ് എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു.

വെളിപാട് 1:8: ഞാൻ അല്ഫയും ഒമേഗയും ആകുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു.

സർവ്വവ്യപിത്വം: യേശുക്രിസ്തു സർവ്വവ്യപി ആണ് എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു.

മത്തായി: 28:19 ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു.

സര്വ്വജ്ഞാനം: യേശുക്രിസ്തു സർവ്വജ്ഞാനി ആണ് എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു.

വെളിപാട് 2:23 ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു സകലസഭകളും അറിയും;

വെളിപാട് 5:6 കുഞ്ഞാടിന് ഏഴു കൊമ്പും സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ടു

ആരാധക്ക് യോഗ്യൻ: യേശുക്രിസ്തു ആരാധനക്ക് യോഗ്യൻ എന്ന് ദൈവവചനം പറയുന്നു.

വെളിപാട് 5:12 അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു. മൂപ്പന്മാർ വീണു നമസ്കരിച്ചു.

**എന്നാൽ എന്തുകൊണ്ടാണ് ക്രിസ്തു ദൈവമാണ് എന്ന് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവകാശപ്പെടാതെയിരുന്നത്?**

അതിനു കാരണം ദൈവവചനം പറയുന്നു, "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കണമെന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദ്രശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണ മുള്ളവനായി തീർന്നു (ഫിലിപ്പിയർ 2:6-8). അവൻ ദൈവം ആയിരുന്നപ്പോൾ തന്നെ ദൈവം നിലയിൽ ഉള്ള തന്റെ കഴിവുകൾ

ഒഴിച്ച് വച്ച്, തന്നെത്താൻ ശൂന്യൻ ആക്കി, മനുഷ്യൻ എന്ന പരിധിയിൽ ആണ് ഈ ഭൂമിയിൽ ജീവിച്ചത്, അതിനു കാരണം മനുഷ്യന്റെ പാപത്തിനു പരിഹാരമായി മരിക്കുവാനും, അവനു മാതൃകയായി തന്നെത്താൻ കാണിക്കുവാനും ആയിരുന്നു.

അതിനാൽ താൻ ദൈവമാണെന്ന് യേശു പരസ്യമായി ജനങ്ങളോട് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവകാശപ്പെട്ടില്ല,എന്നാൽ ഞാനും പിതാവും ഒന്നാണെന്ന് യേശു പറഞ്ഞു (യോഹന്നാൻ 10:30).നിരവധി തവണ താൻ ദൈവമാണെന്ന് യേശു വെളിപ്പെടുത്തി. (യോഹന്നാൻ 8:58, യോഹന്നാൻ 1:1-14, യോഹന്നാൻ 20:28 etc..).

മാത്രമല്ല തന്റെ ഉയിർപ്പിന് ശേഷവും താൻ ദൈവമാണെന്ന് പരസ്യമായി വ്യക്തമാക്കി. **വെളിപ്പാട് 21:7ൽ "ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും; ഞാൻ അവനു ദൈവവും, അവൻ എനിക്ക് മകനുമായിരിക്കും"** എന്ന് എഴുതിയിരിക്കുന്നു. ആയതിനാൽ താൻ ദൈവമാണെന്ന് യേശു പറഞ്ഞതായി ബൈബിളിൽ കാണുന്നില്ല എന്നത് തെറ്റായ പ്രസ്താവനയാണ്.എന്നാൽ ഭൂമിയിൽ മനുഷ്യൻ ആയി വന്നപ്പോൾ താൻ സ്വയം ദൈവം ആണ് എന്ന് അവകാശപ്പെട്ടില്ല.അതിനു കാരണം മുകളിൽ പറഞ്ഞത് ആണ്.

**2. യേശുവിനു പൂർണമായും മനുഷ്യനും, പൂർണമായും ദൈവവും ആയിരിക്കുക സാധ്യമാണോ?**

**Answer: ദൈവം എന്ന് പറഞ്ഞാൽ തന്നെ പൂർണ്ണൻ ആണ്, അതിനാൽ പൂർണ്ണ ദൈവം എന്ന് പ്രത്യേകം പറയേണ്ടതില്ല.എന്നാൽ മനുഷ്യൻ പൂർണ്ണൻ അല്ല, എല്ലാ മനുഷ്യരും പാപം ചെയ്തു അപൂർണരാണ്.** യേശു ഈ ലോകത്തിൽ ആയിരുന്നപ്പോൾ പൂർണ മനുഷ്യനും, പൂർണ ദൈവവും ആയിരുന്നു.യേശു ഇന്നലെയും, ഇന്നും, എന്നെന്നേക്കും മാറ്റമില്ലത്തവൻ എന്ന് ബൈബിളിൽ പറയുന്നു. യേശു ഇന്നലെകളിൽ ദൈവമായിരുന്നെങ്കിൽ ഇന്നും ദൈവമാണ്, എന്നും ദൈവമായിരിക്കും.ദൈവത്തിനു ദൈവം അല്ലാതെയാകുവാൻ കഴിയില്ല.എന്നാൽ ദൈവത്തിനു മനുഷ്യൻ ആവുക എന്നത് അസാധ്യം അല്ല.എന്നാൽ ദൈവം ആയിരിക്കുമ്പോൾ തന്നെ ദൈവം

എന്ന നിലയിൽ ഉള്ള എല്ലാ അധികാരങ്ങളെയും, ശക്തിയേയും, **കഴിവുകളും ഒഴിച്ച് വച്ച്, ഉപയോഗിക്കാതെ പൂർണ്ണ മനുഷ്യൻ എന്ന പരിധിക്കുള്ളിൽ,പരിമിതിക്കുള്ളിൽ ആണ് യേശുക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചത്. അതിനു കാരണം യേശുക്രിസ്തു ഭൂമിയിലേക്ക് വന്നത് മനുഷ്യന് മാതൃകയായി ഈ ഭൂമിയിൽ ജീവിക്കുവാനും, മനുഷ്യന്റെ പാപത്തിനു പരിഹാരമായി മരിക്കുവാനും ആയിരുന്നു.** അതേസമയം യേശു സർവശക്തനായ ദൈവമാണ്.ദൈവത്തിനു മാത്രം ഉള്ള ഗുണങ്ങൾ (സർവ്വശക്തി, സർവ്വജ്ഞാനം, സർവ്വവ്യപിത്വം) യേശുവിനു ഉണ്ട് എന്നും ദൈവവചനം പറയുന്നു. മാത്രമല്ല തന്റെ ഉയിർപ്പിന് ശേഷവും താൻ ദൈവമാണെന്ന് പരസ്യമായി വ്യക്തമാക്കി

യേശുവിനു എങ്ങനെ ഒരേ സമയം ദൈവവും, മനുഷ്യനുമാകാൻ സാധിക്കും എന്ന ചോദ്യതിനുത്തരം;ദൈവത്തിനു അസാധ്യമായ കാര്യമല്ല മനുഷ്യൻ ആകുന്നതു,അതു അസാധ്യംഎന്ന് ദൈവവചനം പറയുന്നുമില്ല.

**3. യേശു മറ്റു പ്രവാചകന്മാരെ പോലെ ഒരു പ്രവാചകൻ മാത്രമാണ്.എന്താണ് വ്യത്യസം?**

**Answer:** യേശു പ്രവാചകൻ ആണ്, എന്നാൽ മറ്റുളവരെ പോലെ വെറും പ്രവാചകൻ മാത്രമല്ല,യേശു രാജാവും, പുരോഹിതനും കൂടി ആണ്, മാത്രമല്ല യേശു ദൈവപുത്രൻ ആണ്, യേശുവിന്റെ ദൈവപുത്ര സ്ഥാനം നിത്യമായുള്ളതാണ്.**പിതാവ് എന്ന പദവി പോലെ തന്നെ നിത്യമായ പദവി ആണ് പുത്രൻ എന്നതും.**അല്ലാതെ ഭൂമിയിൽ ജനിച്ചപ്പോൾ അല്ല യേശു പുത്രൻ ആയതു.പുത്രനായ ദൈവം, ഭൂമിയിലേക്ക് മനുഷ്യനായി വരിക ആണ് ചെയ്തത്.

“ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപെടുവനത്രേ” (യോഹന്നാൻ 3:17-18). യേശു സ്നാനപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു സ്വരം ഉണ്ടായി “ഇത് എന്റെ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”. അനേക ഇടങ്ങളിൽ യേശു ദൈവപുത്രൻ എന്ന് വെളിപ്പെടുത്തുന്നു, യേശു ഒരു പ്രവാചകൻ മാത്രമല്ല ദൈവ പുത്രനുമാണെന്ന് ഇതെല്ലാം തെളിയിക്കുന്നു.

**4. എങ്ങനെ ദൈവത്തിനൊരു മകൻ ഉണ്ടാവും?**

**Answer :** ദൈവപുത്രൻ എന്നത്, മനുഷ്യന്റെ ചിന്തയിൽ ഉള്ളത് പോലെ, ഉണ്ടായി വന്ന പുത്രൻ എന്ന നിലയിൽ അല്ല.ദൈവപുത്രൻ എന്നതു പദവിയാണ്, ബന്ധം ആണ്,നിത്യമായി ദൈവത്തോട് കൂടെയുണ്ടായിരുന്ന ഏക ദൈവത്തിലെ രണ്ടാമത്തെ വ്യക്തിയായ പുത്രൻ എന്ന നിലയിൽ ആണ് യേശുവിനെ പുത്രൻ എന്ന് ദൈവവചനം പറയുന്നത്. യേശുവിന്റെ ദൈവപുത്ര സ്ഥാനം നിത്യമായുള്ളതാണ്.**പിതാവ് എന്ന പദവി പോലെ തന്നെ നിത്യമായ പദവി ആണ് പുത്രൻ എന്നതും ആ പുത്രൻ ആണ്,വചനം ആണ് ജഡമായി, മനുഷ്യനായി ഭൂമിയിലേക്ക് വന്നത്.**

**5. ക്രിസ്ത്യാനികൾ മൂന്നു ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ? പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ ആരാണ്?**

**Answer**: ക്രിസ്ത്യാനികൾ മൂന്ന് ദൈവത്തിൽ വിശ്വസിക്കുന്നില്ല. ദൈവം ഏകനാണ് എന്ന് ബൈബിൾപറയുന്നു.എന്നാൽ ദൈവം ആത്മാവാകുന്നു.പിതാവ് ആത്മാവ് ആകുന്നു എന്നും, പുത്രൻ ആത്മാവ് ആകുന്നു എന്നും, പരിശുധത്മാവ് ആത്മാവ് ആകുന്നു എന്നും ദൈവവചനം പഠിപ്പിക്കുന്നു. അത് പോലെ തന്നെ പിതാവ് ദൈവം ആണ് എന്നും, പുത്രൻ ദൈവം ആണ് എന്നും , പരിശുധാത്മാവ് ദൈവം ആണ് എന്നും ദൈവവചനം പഠിപ്പിക്കുന്നു. ദൈവത്തിനു മനുഷ്യരെ പോലെ രൂപം ഇല്ല.അതിനാൽ മനുഷ്യബുദ്ധിയിൽ സംഖ്യാ ക്രമത്തിൽ ആത്മാവായ ദൈവത്തെ മനസ്സിലാക്കാൻ കഴിയില്ല. ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചതിനാൽ ദൈവത്തിനും മനുഷ്യനും പൊതുവായ ചില സവിശേഷതകൾ ഉണ്ട്. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്ന് മൂന്നു ഘടകങ്ങൾ ഉണ്ട്.

ബൈബിളിലെ ആദ്യവചനം ഉൽപ്പത്തി 1:1ൽ ദൈവത്തെ ബഹു വചനത്തിൽ എലോഹിം (ദൈവം എന്നർത്ഥമുള്ള എബ്രായ വാക്ക്) എന്ന് എഴുതിയിരിക്കുന്നു. ഇത് ഒന്നിലധികം വ്യക്തികളെ കാണിക്കുന്നു. ഉൽപ്പത്തി 3:22, 11:7, യെശയ്യാവ് 6:8, എന്നിവ മറ്റുദാഹരണങ്ങൾ ആണ് പുതിയ നിയമത്തിൽ മത്തായി 3:16-17, 2 കോരി. 13:14 എന്നീ വാക്യങ്ങൾ സമത്വം ഉള്ള മൂന്ന് വ്യക്തികളെ

സൂചിപ്പിക്കുന്നു. സാങ്കേതികമായി പറഞ്ഞാൽ മനുഷ്യരെ പോലെ വേറിട്ട് നിൽക്കുന്ന ആളുകൾ എന്ന നിലയിലല്ല ഒരേ ദൈവിക സത്തയിലെ മൂന്ന് വ്യക്തികൾ എന്ന നിലയിൽ ആണ് വചനം വിവരിക്കുന്നത്.

**പിതാവായ ദൈവം (യോഹന്നാൻ 6:7, റോമർ 1:7) പുത്രനായ ദൈവം (1 യോഹന്നാൻ 5:20, റോമർ 9:5) പരിശുദ്ധാത്മാവായ ദൈവം (1 കോരി 3:16, അപ്പൊ.പ്രവ. 5:3-4) എന്നീ മുന്ന് വ്യക്തികൾ ഉണ്ട് എങ്കിലും ഏക ദൈവമേയുള്ളൂ എന്ന് ദൈവവചനം പഠിപ്പിക്കുന്നു.പിതാവായ ദൈവം സൃഷ്ടാവും, നിയന്ത്രിതാവുമാണ്, യേശു ക്രിസ്തു കർത്താവും, മനുഷ്യ വംശത്തിന്റെ രക്ഷിതാവുമാണ്. പരിശുദ്ധാത്മാവ് എന്നേക്കും നമ്മിൽ വസിക്കുന്ന കാര്യസ്ഥനും, വഴികാട്ടിയും, ആശ്വാസദായകനും ആകുന്നു.** ഏക ദൈവത്തിലെ മൂന്നു വ്യത്യസ്ത വ്യക്തികളെ പറ്റി ദൈവവചനം വ്യക്തമാക്കുകയും ദൈവം ഏകൻ ആണ് എന്ന് ദൈവവചനം വ്യക്തമാക്കുകയും ചെയ്യുന്നു.അതിനപ്പുറം മൂന്ന് വ്യക്തികൾ എങ്ങനെയാണ് ഒന്നായിരിക്കുന്നത് എന്ന് ദൈവവചനം പറയുന്നില്ല. പറഞ്ഞാലും അത് മനുഷ്യന്റെ ബുദ്ധിയിൽ ഒതുങ്ങുന്നത് അല്ല.ദൈവത്തെക്കുറിച്ചു എല്ലാം മനുഷ്യന് മനസ്സിലക്കാൻ കഴിയുന്നതല്ല. ദൈവത്തെക്കുറിച്ചു മനുഷ്യൻ അറിയേണ്ടത് എല്ലാം, ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം വെളിപ്പെടുത്തിയിട്ടില്ലാത്ത ഒരു കാര്യം നാം അറിയാനോ, വിശദീകരിക്കാനോ ശ്രമിക്കേണ്ടതില്ല.

**6. യേശു തന്നെ ആരാധിക്കണം എന്ന് പറഞ്ഞതായി ബൈബിളിൽ കാണുന്നില്ല. പിന്നെ ക്രിസ്ത്യാനികൾ എന്തിനാണ് ക്രിസ്തുവിനെ ആരാധിക്കുന്നത്?**

**Answer.** യേശു ഇങ്ങനെ പറഞ്ഞു "മനുഷ്യ പുത്രൻ ശുശ്രൂഷചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നത് പോലെ തന്നെ" (മത്തായി 20:18).**യേശു ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശം തന്നെ , ആരാധന സ്വീകരിപ്പാൻ അല്ലാത്തതിനാലും, ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും** ആയതിനാലും യേശു തന്നെ ആരാധിക്കണം എന്ന് ഭൂമിയിൽ ആയിരുന്നപ്പോൾ ആരോടും

പറഞ്ഞില്ല. **യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ദൈവത്താൽ അയക്കപെട്ട മനുഷ്യൻ എന്ന നിലയിൽ ആണ് ജീവിച്ചത് .**

പക്ഷെ ബൈബിളിൽ യേശു ആരാധന സ്വീകരിച്ച അനേക സന്ദർഭങ്ങൾ ഉണ്ട്. വഞ്ചിയിലിരുന്നവർ നീ ദൈവ പുത്രൻ തന്നെ എന്ന് പറഞ്ഞു അവനെ നമസ്കരിച്ചു (മത്തായി 14:33). മത്തായി 28:9, ലൂക്കോസ് 24:52, യോഹന്നാൻ 9:38 ) എന്നിവ മറ്റുദാഹരണങ്ങൾ ആണ്. മേൽപറഞ്ഞ വാക്യങ്ങളിൽ യേശു തന്നെ ആരാധിക്കുന്നതിനെ വിലക്കിയതായി കാണുന്നില്ല.**കാരണം യേശു എല്ലാ ആരാധനക്കും, സ്തുതിക്കും യോഗ്യൻ ആണ് (വെളിപ്പാട് 5:12).**

മാത്രമല്ല, പിതാവായ ദൈവം ദൈവപുത്രനായ ക്രിസ്തുവിനെ ആരാധിക്കാൻ കൽപിച്ചിരിക്കുന്നു. “ആദ്യ ജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ ആരാധിക്കേണം എന്ന് ഞാൻ അരുളി ചെയ്യുന്നു” (എബ്രായർ 1:6). ചുരുക്കത്തിൽ യേശു ഭൂമിയിൽ അവതരിച്ചതിന്റെ ഉദ്ദേശം ആരാധന സ്വീകരിക്കുക എന്നതായിരുന്നില്ല അതിനാൽ ആരാധന ആവശ്യപ്പെട്ടും ഇല്ല.എന്നാൽ പല സന്ദർഭങ്ങളിലും യേശു ആരാധന സ്വീകരിച്ചതായും പിതാവായ ദൈവം പുത്രനെ ആരാധിക്കാനായി കല്പിക്കുന്നതായും കാണാം.**അതിനാൽ യേശുവിനെ ആരാധിക്കുന്നത്,യേശു തന്നെ ആരാധിക്കാൻ ആവശ്യപ്പെടുന്നത് കൊണ്ടല്ല, അവൻ ആരാധന സ്വീകരിപ്പാൻ യോഗ്യൻ ആയതിനാലും , അത് പിതാവിന്റെ കൽപ്പന ആയതിനാലും ആണ്.**

**7. യേശു ക്രൂശിൽ മരിച്ചിട്ടില്ല, ദൈവത്തിനു അത് എങ്ങിനെ അനുവദിക്കാൻ സാധിക്കും?**

**Answer:** യേശുവിന്റെ ക്രൂശിലെ മരണം, മരണശേഷം പിന്നീടു മനുഷ്യൻ ഉണ്ടാകിയെടുത്ത ഒരു കഥയല്ല, അത് യേശു ജനിക്കുന്നതിനും 1000 വർഷങ്ങൾക്കു മുൻപേ പ്രവാചകന്മാർ യേശുവിന്റെ ജനനം, ജനന സ്ഥലം, മരണം മരണ വിധം എന്നിവ പ്രവചിച്ചിരുന്നു.ക്രൂശു മരണം ലോകത്തിൽ സ്ഥാപിക്കപ്പെടുന്നതിനും, നൂറ്റാണ്ടുകൾക്കു മുൻപ് യേശുവിന്റെ ക്രൂശിലെ മരണം, പ്രവാചകന്മാർ പ്രവചിച്ചു. യേശുവിന്റെ ജനനത്തിനും, ക്രൂശിലെ മരണത്തിനും ഒരു ലക്ഷ്യം ഉണ്ടായിരുന്നതിനാലാണ് അപ്രകാരം പ്രവചിക്കപ്പെട്ടത്. “ദൈവം, തന്റെ

പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ". "അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു നമ്മുടെതിനു മാത്രമല്ല സർവ്വലോകത്തിന്റെയും പാപത്തിനും തന്നെ" (1 യോഹന്നാൻ 2:2). ദൈവത്തിന്റെ പദ്ധതിയും, ഉദ്ദേശപ്രകാരവുമാണ് യേശുവിനെ ലോകത്തിലേക്ക് അയച്ചതും ക്രൂശിൽ പാപപരിഹാര ബലിയായി മരണം വരിച്ചതും. യേശു ഒരു കന്യകയിൽ നിന്നും ജനനം എടുത്തതിനാൽ, യേശുവിൽ പാപം ഇല്ലായിരുന്നു. മനുഷ്യരെല്ലാം ആദാമ്യ സന്തതി ആയതിനാൽ ആദാമ്യ പാപത്തിന്റെ പങ്കുകാരായി പാപത്തിലാണ് ജനിക്കുന്നത്.എന്നാൽ യേശു ആദാമിൽ നിന്നല്ലാതെ കന്യകയിൽ നിന്നും പാപരഹിതനായി ജനിച്ചു, പാപം കൂടാതെ ജീവിച്ചു. അപ്രകാരം ഉള്ള പാപം ഇല്ലാത്ത ആൾക്കേ മറ്റുള്ളവരുടെ പാപം ഏറ്റെടുക്കുവാൻ സാധിക്കൂ. പാപത്തിന്റെ ശമ്പളം മരണമാണ്. യേശു സകല ലോകത്തിന്റെയും പാപത്തിന് പരിഹാരമായി, പാപത്തിന്റെ ശമ്പളമായ ദൈവത്തിൽ നിന്നുള്ള വേർപാട് എന്ന ആത്മീകമരണവും അതിന്റെ പരിണിത ഭലം ആയ ശാരീരിക മരണവും ഏറ്റെടുത്തു.യേശുവിനു അല്ലാതെ ആർക്കും, പാപത്തിന്റെ ശമ്പളമായ മരണം സ്വയം മറ്റുള്ളവർക്ക് പകരമായി ഏറ്റെടുക്കാൻ കഴിയില്ലായിരുന്നു. അതിനാലാണ് ദൈവം യേശുവിനെ ക്രൂശിൽ മരിക്കാൻ അനുവദിച്ചത്. തന്റെ ക്രൂശു മരണത്തിലൂടെ യേശു നമ്മളെ മരണ ശിക്ഷയിൽ നിന്നും വിടുവിച്ചു നിത്യജീവൻ പ്രദാനം ചെയ്തു.

യേശു ക്രൂശിൽ മരിച്ചു എന്ന് ബൈബിൾ പറയുന്നത് കൊണ്ടല്ല, ആധികാരികമായി തെളിയപ്പെടുന്നത്. അങ്ങനെയെങ്കിൽ അത് ആരോ ഉണ്ടാകിയെടുത്ത കഥയാണ് എന്ന് ആരോപിക്കാമായിരുന്നു.**എന്നാൽ ക്രിസ്തു ക്രൂശിൽ മരിക്കും നൂറ്റാണ്ടുകൾക്കു മുൻപ് പ്രവചിക്കപ്പെടുകയും അതിന്റെ വിശദാംശങ്ങൾ സഹിതം കൃത്യമായി നൂറ്റാണ്ടുകൾക്കു മുൻപ് രേഖപ്പെടുതപ്പെടുകയും, അത് അക്ഷരം പ്രതി നിവർത്തിച്ചു കൊണ്ട് ക്രിസ്തു മരിക്കുകയും ചെയ്തതിനാൽ ആണ് അത് സത്യം ആണ് എന്ന് തെളിയപ്പെടുന്നത്.**

**8. യേശു ദൈവമായിരുന്നെങ്കിൽ മരണം ഒഴിവാക്കാൻ സാധിക്കുമായിരുന്നു? ദൈവത്തിനു എങ്ങനെ മരിക്കാൻ സാധിക്കും?**

**Answer: തീച്ചയായും യേശുവിനു ദൈവം എന്ന നിലയിലോ, പാപമില്ലാത്ത മനുഷ്യൻ എന്ന നിലയിലോ മരണം ഒഴിവാക്കാമായിരുന്നു. എന്നാൽ** യേശുവിന്റെ ലോകത്തിലേക്കുള്ള വരവിന്റെ ലക്ഷ്യം മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിക്കുക എന്നതായിരുന്നു.താൻ കഷ്ടം സഹിക്കുകയും ക്രൂശിൽ തറക്കപ്പെട്ടു മരിക്കുമെന്നും യേശുവിനു അറിയാമായിരുന്നു. യേശുവിനെ പിടിക്കാൻ വന്ന റോമൻ പട്ടാളക്കാരോട് പത്രോസ് പട വെട്ടാൻ തയാറായപ്പോൾ യേശു പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ് (മത്തായി 26:53,54). "എന്റെ പിതാവിനോട് ഇപ്പോൾതന്നെ പന്ത്രണ്ട് ലഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിർത്തേണ്ടതിനു എനിക്ക് അപേക്ഷിച്ചു കൂടാ എന്ന് തോന്നുന്നുവോ? എന്നാൽ ഇങ്ങനെ സംഭവിക്കേണം എന്ന തിരുവെഴുത്തിനു എങ്ങനെ നിവൃത്തി വരും എന്ന് പറഞ്ഞു".അതിന്റെ അർഥം തനിക്കു വേണമെങ്കിൽ ക്രൂശു മരണം ഒഴിവാക്കാം എങ്കിലും അത് ഒഴിവാക്കിയാൽ എപ്രകാരം തന്റെ മരണത്തെപ്പറ്റിയുള്ള തിരുവചനങ്ങൾ നിവൃത്തിയാവും, എപ്രകാരം പാപപരിഹാരം സാധ്യമാകും എന്നാണ് യേശു മേൽപ്പറഞ്ഞ വാക്യം കൊണ്ട് അർത്ഥമാക്കിയത്. യേശുവിന്റെ പീഡാനുഭവവും, ക്രൂശുമരണവും ഒന്നിലധികം പ്രവചകന്മാരാൽ പ്രവചിക്കപ്പെട്ടിരുന്നു. (യെശയ്യാവ് 53:1-12, ദാനിയേൽ 9:24-27). യേശുവും തന്റെ ക്രൂശുമരണത്തെയും, കഷ്ടാനുഭവങ്ങളെ പറ്റിയും മുൻകൂട്ടി പറഞ്ഞിരുന്നു. (മത്തായി 17:22-23, 26-31). തീർച്ചയായും ദൈവം എന്ന നിലയിൽ മാത്രമല്ല, മനുഷ്യൻ എന്ന നിലയിലും യേശുവിനു മരണം ഒഴിവാക്കാമായിരുന്നു,മരണം കൂടാതെ സ്വർഗത്തിലേക്ക് നേരിട്ട് പോകുകയും ചെയ്യാമായിരുന്നു.കാരണം പാപത്തിന്റെ ശമ്പളമായ മരണം പാപമില്ലാത്ത ക്രിസ്തു അനുഭവിക്കേണ്ട ആവശ്യം ഇല്ല, എന്നാൽ ക്രിസ്തു മരണം ഒഴിവാക്കിയാൽ, നാം അർഹിക്കുന്ന പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നും നിന്നും നമുക്ക് വിടുതൽ ഉണ്ടാകില്ല, അതിനാൽ നമ്മോടുള്ള സ്നേഹം നിമിത്തം ക്രിസ്തു

പിതാവിന്റെ ഇഷ്ടം ആയ പാപപരിഹാര മരണം ഏറ്റെടുക്കാൻ തയാർ ആയി.

ദൈവത്തിനു എപ്രകാരം മരിക്കാൻ സാധിക്കും എന്ന ചോദ്യത്തിന് ഉത്തരം നമുക്ക് ദൈവവചനത്തിൽ കാണാം. "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്ന് വിചാരിക്കാതെ, ദാസ രൂപമെടുത്തു, മനുഷ്യ സദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു, വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു (ഫിലിപ്പിയർ 2:6,7,8).

ബൈബിളിൽ ദൈവം നിത്യനാണ്, ദൈവത്തിനു മരണമില്ല,എന്നാൽ യേശു ദൈവരൂപത്തിൽ നിന്നും തന്നെത്താൻ താഴ്ത്തി, മനുഷ്യരൂപം എടുത്തത്, മനുഷ്യവർഗ്ഗത്തിന്റെ പാപം ഏറ്റെടുത്തു മരിക്കുവാൻ ആണ്, (ഹെബ്രായർ 2: 9: എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ചവന്നവനായ യേശു).അതിനാൽ യേശു ക്രൂശിൽ മരിച്ചത് ദൈവം എന്ന നിലയിൽ അല്ല,മനുഷ്യൻ എന്ന നിലയിൽ ആണ്. തിരുവചനം പറയുന്നു -"**മനുഷ്യ പുത്രൻ** ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നത് പോലെ തന്നെ എന്ന് പറഞ്ഞു"(മത്തായി 20:28). " എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത **മനുഷ്യനായ ക്രിസ്തുയേശു തന്നേ**" (1 തിമോഥയോസ് 2:6).

താൻ ദൈവമായിരിക്കുമ്പോൾ തനിക്കു ചെയ്യാൻ കഴിയാത്തതു ചെയ്തെടുക്കാനാണ് യേശു ദൈവരൂപത്തിൽ നിന്നും തന്നെത്താൻ താഴ്ത്തി, മനുഷ്യരൂപം എടുത്തത്.അതിൽ അതിപ്രധാനം ആയത്, ദൈവത്തിനു കഴിയാത്ത മരണം വരിക്കുക ആയിരുന്നു.യേശു മരിച്ചത് ദൈവം എന്ന നിലയിൽ അല്ല, പാപമില്ലാത്ത മനുഷ്യൻ എന്ന നിലയിൽ പാപിക്ക് പകരം മരിക്കുകയായിരുന്നു.

**9. യേശു ദൈവമായിരുന്നെങ്കിൽ "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്തു?" എന്ന് നിലവിളിച്ചതെന്തിനു?**

**Answer:** ഇവിടെ വീണ്ടും നാം മനസിലാക്കേണ്ടത്, യേശു ദൈവത്തോടുള്ള തന്റെ സമത്വം മുറുകെ പിടിക്കാതെ തന്നെത്താൻ താഴ്ത്തി ഒരു പുർണ്ണ മനുഷ്യനായാണ് ഭൂമിയിൽ ജനിച്ചത്,ജീവിച്ചത് എന്നതാണ്. യേശുവിന്റെ അഭിസംബോധന ഇവിടെ ശ്രദ്ധേയമാണ്. 'എന്റെ ദൈവമേ' എന്നാണ് യേശു വിളിച്ചത്. ഇതിനു മുൻപ് ഒരിക്കലും "ദൈവമേ" എന്ന് യേശു വിളിച്ചതായി കാണുന്നില്ല പകരം "പിതാവേ" എന്നാണ് വിളിച്ചിരുന്നത്. ക്രൂശിലെ യേശുവിന്റെ നിലവിളി ദൈവത്താൽ തള്ളപ്പെട്ട, ദൈവവുമായുള്ള കൂട്ടായ്മ നഷ്ടമായ പാപിയായ മനുഷ്യന്റെ പ്രധിനിധിയായ നിലവിളിയാണത്.പാപമില്ലാതിരുന്ന യേശു, മുഴുവൻ മാനവരാശിയുടെയും പാപങ്ങൾക്കുവേണ്ടി പാപമാക്കപ്പെട്ടു. പാപം ഒഴികെ സകലത്തിലും യേശു ഒരു പൂർണ മനുഷ്യനായിരുന്നു.യേശു പാപമില്ലാത്തവനായി ജനിച്ചത് മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യാൻ വേണ്ടിയാണ്. മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി യേശു സ്വയം പാപമായി മാറി, ദൈവത്തിൽ നിന്നും മനുഷ്യനെ പോലെ അകന്നു. "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആക്കേണ്ടതിനു അവൻ നമ്മുക്ക് വേണ്ടി പാപം ആക്കി" (2 കൊരിന്ത്യർ 5:21) എന്നാൽ യേശുക്രിസ്തു നമ്മുടെ പാപം ഏറ്റെടുത്തു, പാപം അക്കപ്പെട്ടു ദൈവത്തിൽ നിന്നും വേർപെട്ടതിനാൽ, ഇന്ന് നമുക്ക് ക്രിസ്തുവിന്റെ രക്തത്താൽ, അവന്റെ നീതിയാൽ ദൈവത്തോട് അടുത്ത് വരാൻ കഴിയും. Heb 10:19

യേശു തന്റെ പിതാവിനെ ദൈവമേ എന്ന് വിളിച്ചതിനാൽ നമുക്ക് ഇന്ന് ദൈവത്തെ പിതാവേ എന്ന് വിളിക്കാൻ കഴിയും.

Gal 4:6 നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. അങ്ങനെ നീ ഇനി ദാസനല്ല പുത്രനത്രെ.

**10. യേശു ക്രൂശിൽ മരിച്ചെങ്കിൽ അത് എങ്ങനെ എനിക്കുവേണ്ടിയാകും?**

**Answer:** യേശു മരിച്ചത് ലോകത്തിന്റെ മുഴുവൻ പാപങ്ങൾക് വേണ്ടിയാണ്. "അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു നമ്മുടെതിനു മാത്രമല്ല, സർവലോകതിന്റെയും പാപത്തിനു തന്നെ" (1 യോഹന്നാൻ 2:2**). യേശു എല്ലാവര്ക്കും വേണ്ടി മരിക്കുവാൻ കാരണം**

**“എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സു ഇല്ലാത്തവരായി തീർന്നു” (റോമർ 3:23) എന്നതാണ്** . റോമർ 5:12 ൽ പറയുന്നു - “ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു”.

എല്ലാവരും ആദമിൽ പാപികൾ ആയപ്പോൾ, ആദാമിന് ശേഷം ഭൂമിയിൽ പാപമില്ലതവനായി ജനിച്ച ഏക മനുഷ്യൻ യേശു ക്രിസ്തുവാണ്.പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ പാപമില്ലാത്ത ഒരു വ്യക്തി തന്നെ വേണം. യേശു പാപമില്ലതവനായി ജനിച്ചു, പാപം ചെയ്യാതെ ജീവിച്ചു ആയതിനാൽ മാനവരാശിയുടെ പാപം ഇല്ലാതാക്കുവാനുള്ള യോഗ്യത ഉള്ളവനായി തീർന്നു. പാപത്തിന്റെ ശമ്പളം മരണമാകയാൽ യേശു സകല മനുഷ്യരുടേയും പാപങ്ങൾക്ക് വേണ്ടിയുള്ള മരണം ക്രൂശിൽ വഹിച്ചു.

രക്തം ചിന്തിയിട്ടല്ലാതെ മോചനം ഇല്ല എന്ന് ദൈവവചനം പറയുന്നു. സകല മനുഷ്യരുടെയും പാപത്തിന്റെ ഫലമായ മരണം താൻ ഏറ്റെടുത്തു, പാപമില്ലാത്ത രക്തം,അഥവാ തന്റെ ജീവൻ പകരമായി കൊടുത്തു നമ്മെ പാപത്തിൽ നിന്നും വിടുവിച്ചു ദൈവവുമായി നിരപ്പ് വരുത്തി.മാത്രമല്ല, താൻ മരണത്തെ തോൽപ്പിച്ച് ഉയിതെഴുനെറ്റു, തന്നിൽ വിശ്വസിക്കുന്നവർക്ക് തന്റെ ജീവൻ ആയ നിത്യജീവൻ നൽകാൻ നൽകുന്നു.ഇത്രയും യോഗ്യതകൾ ഉള്ള ഭൂമിയിൽ വന്ന ഏക മനുഷ്യൻ യേശുക്രിസ്തു മാത്രം ആണ്.

യേശു എന്റെ പാപങ്ങൾക്ക് വേണ്ടി മരിച്ചു, ഉയിര്തെഴുനെറ്റു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും, യേശുവിനെ കർത്താവ് എന്ന് നാം വായ് കൊണ്ട് ഏറ്റു പറയുകയും ചെയ്താൽ ചെയ്താൽ നമ്മുടെ പാപങ്ങൾക്കു മോചനവും, നിത്യജീവൻ ലഭിക്കുകയും ചെയ്യുന്നു. നിത്യജീവൻ, എന്ന് പറയുന്നത് ദൈവത്തിന്റെ ജീവൻ ആണ് ആണ്. ഇതാണ് യേശു നൽകുന്ന രക്ഷ. യേശു മരിച്ചത് ക്രിസ്ത്യാനികൾക്ക് വേണ്ടിയല്ല, പാപികൾക്ക് വേണ്ടിയാണ്,കാരണം എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സു നഷ്ടപ്പെടുതിയവർ ആണ്,അതിനാൽ ക്രിസ്തുവിന്റെ മരണം മുഴു ലോകത്തിനും

വേണ്ടിയാണ്, എനിക്ക് വേണ്ടിയാണ്, നിങ്ങൾ ഓരോരുത്തെർക്കും വേണ്ടിയാണു.

**11. 'പാപം', 'നിത്യരക്ഷ' എന്നിവ എന്താണ്? യേശുവിനു ഇക്കാര്യത്തിൽ നമ്മെ എപ്രകാരം സഹായിക്കാൻ സാധിക്കും?**

**Answer:** പാപം എന്ന വാക്കിന്റെ മൂല പദത്തിലെ അർഥം, ലക്ഷ്യം തെറ്റുക, ലക്ഷ്യത്തിൽ നിന്നും വീണു പോകുക എന്നിവയാണ്, അതിനാൽ എന്തായിരുന്നു നമ്മെ സൃഷ്ടിച്ചപ്പോൾ ദൈവത്തിനു ഉണ്ടായിരുന്ന ലക്ഷ്യം എന്ന് മനസ്സിലക്കേണം.എങ്കിൽ മാത്രമേ നമുക്ക് പാപം എന്നതിന്റെ യഥാർത്ഥ അർഥം മനസ്സിലാകുകയുള്ളൂ. ദൈവവചനം പറയുന്നു. "എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സു ഇല്ലാത്തവരായി തീർന്നു" (റോമർ 3:23).അതായതു ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ ഉണ്ടായിരുന്ന ദൈവീക ലക്ഷ്യം ദൈവത്തിന്റെ തേജസ്സു, സ്വരൂപം ആയിരുന്നു. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ദൈവത്തിന്റെ സ്വരൂപത്തിൽ അഥവാ സ്വഭാവത്തിൽ ആയിരുന്നു. അതിൽ നിന്നും ആണ് മനുഷ്യൻ വീണു പോയത്, **അതിനാൽ പാപം എന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വഭാവവും, അതിൽ നിന്നും വീണു പോയ മനുഷ്യന്റെ ഇപ്പോഴുള്ള അവസ്ഥയും തമ്മിലുള്ള അന്തരം ആണ്. അതായതു പരിശുദ്ധനായ ദൈവവും, വീണു പോയ മനുഷ്യനും തമ്മിലുള്ള വ്യത്യാസം ആണ് പാപം.**

പാപം എന്താണ് എന്ന് മനസ്സിലായെങ്കിൽ മാത്രമേ നമുക്ക് രക്ഷ എന്താണ് എന്ന് മനസ്സിലാക്കാൻ കഴിയൂ, ആദ്യമനുഷ്യനായ ആദം ദൈവകല്പന ലംഘിച്ചതിലൂടെ,അവനും അവനിൽ നിന്നും ജനിച്ച മനുഷ്യജാതി മുഴുവനും ദൈവതെജസ്സ് നഷ്ടപ്പെട്ടവൻ ആയി, **ഈ വീണു പോയ അവസ്ഥയിൽ നിന്നും , തിരികെ ദൈവം നമ്മെ സൃഷ്ടിച്ച അതേ ദൈവ സ്വരൂപതിലേക്ക് നമ്മെ തിരികെ രൂപാന്തരപ്പെടുതുന്നത് ആണ് യഥാർത്ഥ രക്ഷ, അല്ലാതെ മനുഷ്യനെ നരകത്തിൽ നിന്നും രക്ഷിച്ചു സ്വർഗത്തിൽ കൊണ്ട് പോകാനുള്ള കുറുക്കു വഴി അല്ല ദൈവവചനം വെളിപ്പെടുത്തുന്ന രക്ഷ.**

ഇനി യേശുക്രിസ്തുവിനു ഈ രക്ഷക്ക് വേണ്ടി എന്ത് ചെയ്യാൻ കഴിയും എന്നതാണ് യഥാർത്ഥ ചോദ്യം, **യഥാർത്ഥത്തിൽ യേശുക്രിസ്തുവിനു മാത്രമേ ഈ പാപ അവസ്ഥയിൽ നിന്നും മനുഷ്യനെ**

**രക്ഷിക്കാൻ കഴിയുകയുള്ളൂ.** എല്ലാവരും ആദമിൽ പാപികൾ ആയപ്പോൾ,ദൈവ തേജസ്സു നഷ്ടപ്പെട്ടവർ ആയപ്പോൾ, ആദാമിന് ശേഷം ഭൂമിയിൽ പാപമില്ലതവനായി,ദൈവസ്വരൂപത്തിൽ ജനിച്ച,പാപം ചെയ്യാതെ ദൈവത്തെ, ദൈവത്തിന്റെ സ്വഭാവത്തെ, സ്വരൂപത്തെ, പൂർണ്ണമായും വെളിപ്പെടുത്തിയ **ഏക മനുഷ്യൻ** യേശു ക്രിസ്തുവാണ്. പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ പാപമില്ലാത്ത ഒരു വ്യക്തി തന്നെ വേണം. യേശു പാപമില്ലതവനായി ജനിച്ചു, ജീവിച്ചു ആയതിനാൽ മാനവരാശിയുടെ പാപം ഇല്ലാതാക്കുവാനുള്ള യോഗ്യത ഉള്ളവനായി തീർന്നു. പാപത്തിന്റെ ശമ്പളം, ദൈവത്തിൽ നിന്നുള്ള വേർപാട് ആയ അത്മീകമരണവും, അതിന്റെ അനന്തരഭലമായ ശാരീരിക മരണവും ആകയാൽ യേശു സകല മനുഷ്യരുടേയും പാപങ്ങൾക്ക് വേണ്ടിയുള്ള മരണം ക്രൂശിൽ വഹിച്ചു. **രക്തം ചിന്തിയിട്ടല്ലാതെ മോചനം ഇല്ല എന്ന് ദൈവവചനം പറയുന്നു. സകല മനുഷ്യരുടെയും പാപത്തിന്റെ ഫലമായ മരണം താൻ ഏറ്റെടുത്തു, പാപമില്ലാത്ത രക്തം പകരമായി കൊടുത്തു നമ്മെ മരണത്തിൽ നിന്ന് മോചിപ്പിച്ചു ദൈവവുമായി വീണ്ടും നിരപ്പ് വരുത്തി.അങ്ങനെ മനുഷ്യന് ആദിയിൽ,പാപത്തിൽ ദൈവവുമായി വേര്പെടുന്നതിനു മുൻപുള്ള അവസ്ഥയിലെപോലെ ദൈവുമായുള്ള കൂട്ടായ്മ സാധ്യമാക്കി.**

**എന്നാൽ അത് മാത്രമല്ല, യേശു മരണത്തെ തോൽപ്പിച്ചു താൻ ഉയർത്തെഴുന്നേറ്റതിനാൽ ഇന്ന് അവനെ സ്വീകരിക്കുന്നവർക്ക് അവന്റെ ജീവൻ ആയ നിത്യജീവൻ നൽകാനും അവനു കഴിയും. താൻ പാപിയാണ് എന്ന് തിരിച്ചറിയുന്ന ഒരുവൻ, മാനസന്തരപ്പെട്ടു യേശുക്രിസ്തുവിനെ തന്റെ ജീവിതത്തിൽ കർത്താവായി സ്വീകരിക്കുമ്പോൾ അവനിൽ യേശുക്രിസ്തു കടന്നു വരികയും,അവൻ ക്രിസ്തുവിന്റെ ജീവൻ ആയ നിത്യജീവൻ പ്രാപിക്കുകയും ചെയ്യുന്നു.ആ ജീവൻ ലഭിച്ച മനുഷ്യന് ദൈവവുമായി വീണ്ടും ആദിയിൽ ഉണ്ടായിരുന്ന ബന്ധത്തിലേക്ക് വരുവാനും, ആ ജീവനിൽ നിറഞ്ഞു, ദൈവം നമ്മെ സൃഷിടിച്ച അതെ സ്വരൂപതിലേക്ക് തിരികെ രൂപാന്തരം പ്രാപിക്കുവാനും കഴിയും.അങ്ങനെ മനുഷ്യസൃഷ്ടിയിലെ ദൈവത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക്, ദൈവത്തിന്റെ സ്വരൂപത്തെ വെളിപ്പെടുത്തുക എന്ന ലക്ഷ്യത്തിലേക്ക്**

**നമുക്ക് മടങ്ങിവരാൻ കഴിയുന്നു.ഇതാണ് ബൈബിൾ വെളിപ്പെടുത്തുന്ന രക്ഷാ മാർഗ്ഗമായ സുവിശേഷം.**

2Co 3:18 എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ സ്വരൂപമായി രൂപാന്തരപ്പെടുന്നു.

4:4 ദൈവസ്വരൂപമായ **ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം** ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി.

12. **മാനസാന്തരം എന്നാൽ എന്താണ്?**

മാനസാന്തരം എന്ന വാക്കിന്റെ അർഥം, മനസ്സിന്റെ തിരിവ് എന്നതാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ചിന്തയും വികാരവും ഇച്ഛയും വിവേകവും വിവേചനശേഷിയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും ഉള്ളവനായിട്ടാണ്.എന്നാൽ മനുഷ്യൻ ആ സ്വാതന്ത്ര്യത്തിൽ ദൈവത്തിൽ പൂർണമായി ആശ്രയിക്കുകയും സ്നേഹത്തിൽ അനുസരിക്കുകയും വേണം എന്നാണ് ദൈവം മനുഷ്യനെ കുറിച്ച് ആഗ്രഹിച്ചത് ദൈവത്തെ പൂർണ്ണമായും സ്നേഹിച്ചു വിശ്വസിച്ചു, ആശ്രയിച്ചു ജീവിച്ചിരുന്ന ആദ്യ മനുഷ്യനായ ആദം, ദൈവത്തിൽ നിന്നും മനസ്സ് കൊണ്ട് തിരിഞ്ഞു പിശാചിന്റെ വാക്ക് വിശ്വസിച്ചത് ആണ് ആദ്യത്തെ **"മാനസാന്തരം".** ആദം **"മാനസാന്തരപ്പെട്ടപ്പോൾ"** ദൈവം മുന്നറിയിപ്പ് നൽകിയിരുന്നത് പോലെ ദൈവത്തിന്റെ ജീവൻ ആദാമിന് നഷ്ടപ്പെട്ടു അവൻ ദൈവത്തിന്റെ അധികാരത്തിൽ നിന്നും പിശാചിന്റെ അധികാരത്തിൽ ആയി. അതിനാൽ **യഥാർത്ഥ മാനസാന്തരം**,ഒരു സത്യ സുവിശേഷം കേട്ടിട്ട് കണ്ണ് തുറന്നു താൻ പാപി ആണ് എന്നും,പിശാചിന്റെ അടിമ ആണ് എന്നും ബോധ്യപ്പെട്ടു രക്ഷക്ക് വേണ്ടി **മനസ്സ് കൊണ്ട് ദൈവത്തിലേക്ക് തിരിയുന്നത് ആണ്.** (അപ്പോസ്തോല പ്രവർത്തികൾ: **20: 21 ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും** നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും യെഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ.)

(അപ്പോസ്തോല പ്രവർത്തികൾ: 26:18 **അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും** ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു.)

13. **എന്താണ് വീണ്ടും ജനനം?**

വീണ്ടും ജനനം എന്നാൽ നാം എടുക്കുന്ന ചില നല്ല തീരുമാനങ്ങളോ, നമ്മുടെ സ്വഭാവത്തിൽ വരുത്തുന്ന ചില നല്ല മാറ്റങ്ങളോ അല്ല.**പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ അത് ഒരിക്കൽ കൂടി നാം ജനിക്കുന്ന,ജീവൻ ലഭിക്കുന്ന പ്രക്രിയ ആണ്**.

നാം നമ്മുടെ അമ്മയുടെ വയറ്റിൽ ഉരുവായപ്പോൾ ആദ്യമായി ഉണ്ടായതു ജീവൻ ആണ്.,നാം നമ്മുടെ സ്വാഭാവിക ജീവൻ നമ്മുടെ മാതാപിതാക്കളിൽ നിന്നും പ്രാപിച്ചു,അതിനാൽ ആണ് നാം നാമുടെ മാതാപിതാക്കളുടെ ജഡപ്രകാരം ഉള്ള മക്കൾ ആയതു.അത് ജഡതാൽ ഉള്ള ജനനം ആണ്.എന്നാൽ ദൈവം ആത്മാവ് ആകുന്നു. ദൈവത്തിന്റെ മക്കൾ ആകണം എങ്കിൽ നാം ശാരീരികമായി ഒരിക്കൽ ജനിച്ചത് പോലെ തന്നെ ആത്മാവിനാൽ വീണ്ടും ജനിക്കേണം.അതാണ് യേശുക്രിസ്തു യോഹന്നാൻ 3:6 ജഡത്താൽ ജനിച്ചതു ജഡം ആകുന്നു, ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു എന്ന് നിക്കോദിമോസിനോട് പറഞ്ഞത്

നാം മുകളിൽ കണ്ടത് പോലെ ആദം ദൈവത്തിൽ നിന്നും പിശചിലേക്ക് തിരിഞ്ഞപ്പോൾ അവനിൽ നിന്നും ദൈവീക ജീവൻ വിട്ടു പോയി എന്നും ,ആദമിൽ നിന്ന് ജനിക്കുന്ന എല്ലാവരും തന്നെ പാപത്തിൽ വീണ ആദമിന്റെ അവസ്ഥയിൽ, ദൈവീക ജീവൻ ഇല്ലാത്തവരായി ആണ് ജനിക്കുന്നത് എന്ന് ദൈവവചനം പറയുന്നു (റോമർ 5:12).അത് കൊണ്ട് ഒരു വ്യക്തി മനസാന്തരപെട്ട് ദൈവത്തിങ്കലേക്കു തിരിയുമ്പോൾ ,ആദം ദൈവത്തിൽ നിന്നും പിശാചിലേക്ക് തിരിഞ്ഞപ്പോൾ സംഭവിച്ചതിനു നേരെ വിപരീതമായതാണ് സംഭവിക്കുന്നത്.അതായതു ആദം, പിശാചിന്റെ വ്യാജം വിശ്വസിച്ചു, ജീവനിൽ നിന്നും മരണത്തിലേക്കു വീണു എങ്കിൽ ഒരുവൻ മനസാന്തരപെട്ട് ദൈവത്തിങ്കലേക്കു തിരിയുമ്പോൾ മരണത്തിൽ നിന്നും ജീവനിലെക്കു കടക്കുകയാണ്.

**താൻ പാപിയാണ് എന്ന് തിരിച്ചറിയുന്ന ഒരുവൻ, മാനസന്തരപ്പെട്ടു യേശുക്രിസ്തു തന്റെ പാപങ്ങൾക്ക് പകരമായി മരിച്ചു എന്ന് വിശ്വസിക്കുകയും, യേശുക്രിസ്തുവിനെ തന്റെ ജീവിതത്തിൽ കർത്താവായി സ്വീകരിക്കുകയും ചെയ്യുമ്പോൾഅവൻ ക്രിസ്തുവിന്റെ ജീവൻ ആയ നിത്യജീവൻ, ദൈവീക ജീവൻ, പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ അവൻ ആത്മാവിനാൽ വീണ്ടും ജനിക്കുന്നു, ദൈവത്തിൽ നിന്നും ജനിക്കുന്നു.അതിനെയാണ് വീണ്ടും ജനനം എന്ന് പറയുന്നത്.**

യേശുക്രിസ്തു ഉള്ളിൽ ഇല്ലാത്തവന് ദൈവീക ജീവൻ ഇല്ല, ദൈവീക ജീവൻ ഉള്ളിൽ ഇല്ലാത്തവൻ മരിച്ചവൻ ആണ്

1 യോഹന്നാൻ 5:11 ദൈവം നമുക്കു നിത്യജീവൻ തന്നു.ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ടു എന്നുള്ളതു തന്നേ. പുത്രനുള്ളവന്നു ജീവൻ ഉണ്ടു? ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല"

ഇത് വായിക്കുന്ന നിങ്ങൾ പല സഭകളിൽ പോകുന്നവർ ആയിരിക്കാം,പല മതങ്ങളിൽ ഉള്ളവർ ആയിരിക്കാം,മനുഷ്യരുടെ മുൻപിൽ നല്ലവരോ, ദുഷ്ടരോ ആയിരിക്കാം. എന്നാൽ യേശുക്രിസ്തു പറഞ്ഞു "ജഡതാൽ ജനിച്ചത് ജഡം ആകുന്നു" എന്നാൽ ഇന്ന് നിങ്ങൾ എടുക്കുന്ന ഒരു തീരുമാനത്താൽ നിങ്ങൾക്ക് നിങ്ങൾ ആയിരിക്കുന്ന മരണ അവസ്ഥയിൽ നിന്നും ജീവനിലേക്കു കടക്കാം. ദൈവത്തിൽ നിന്നും ജനിക്കാം ദൈവമകൻ/ മകൾ ആയിതീരാം.

യോഹന്നാൻ 1:13 അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു.

**എന്താണ് സഭ? എന്ത് കൊണ്ടാണ് അനേക ക്രിസ്തീയ സഭകൾ?**

നാം മുകളിൽ കണ്ടത് പോലെ, ക്രിസ്തുവിന്റെ ജീവൻ ഉള്ളിൽ വരുമ്പോളാണ് ഒരുവൻ ദൈവമകൻ ആകുന്നത്. എന്നാൽ അങ്ങനെ ജീവൻ പ്രാപിച്ച വ്യക്തികളുടെ പ്രാദേശികമായ കൂട്ടം ആണ് പ്രാദേശിക ദൈവസഭ.

വേറൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ ജീവൻ ഉള്ളിലുള്ള ഒരു  അവയവം ആണ് ഒരു വിശ്വാസി എങ്കിൽ, ക്രിസ്തുവിന്റെ ജീവനാൽ നിയന്ത്രിക്കപ്പെടുന്ന അവയവങ്ങൾ ഒന്ന് ചേർന്ന ക്രിസ്തുവിന്റെ ശരീരം ആണ് സഭ. സഭ എന്നത് ഒരു കെട്ടിടമോ, ഒരു സംഘടനയോ അല്ല.സഭ ഒരു ജീവനുള്ള അവയവങ്ങൾ ചേർന്ന ജൈവീക ശരീരം ആണ്.( Church is not an organization but a living organism) ആ ശരീരത്തിന്റെ തലയും, തലവനും, ശരീരത്തിലെ ഓരോ അംഗങ്ങളെയും നിയന്ത്രിക്കുന്നവനും ക്രിസ്തു മാത്രമാണ്.

ഒരു ശരീരത്തിലെ ഓരോ  അവയവങ്ങളുടെയും പ്രവർത്തി വ്യത്യസ്തം ആണ് എങ്കിലും എല്ലാ അവയവങ്ങളിലെയും പ്രവർത്തിപ്പിക്കുന്ന ശരീരത്തിന്റെ ഭാഗം ആക്കുന്ന പൊതുഘടകം ശരീരത്തിലെ ജീവൻ ആണ്.അത് പോലെ യേശുവിന്റെ ജീവൻ എന്ന പൊതു ഘടകം ആണ് സഭയിലെ ഓരോ അംഗങ്ങളെയും വർഗ്ഗ, വർണ്ണ,ജാതി വ്യത്യാസം ഇല്ലാതെ  ഒന്നാക്കുന്നത്.

1 കൊരിന്ത്യർ 12:12 "ശരീരം ഒന്നും, അതിന്നു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും..**യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു** ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനംചെയ്തുമിരിക്കുന്നു."

ഗലാത്യർ 3:28

**അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല**; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ.

കൊലൊസ്സ്യർ 3:11

**അതിൽ യവനനും യെഹൂദനും എന്നില്ല, പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല;** ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു.

യേശുവിന്റെ ജീവൻ ഉള്ളിലുള്ള വിശ്വാസി  എന്ന അവയവം, അങ്ങനെയുള്ള വിശ്വാസികൾ കൂടിചേർന്ന പ്രാദേശിക ദൈവ സഭ, അങ്ങനെയുള്ള പ്രാദേശിക ദൈവ സഭകളുടെ കൂട്ടം ആയ സർവ്വ ലൌകിക ദൈവസഭ എന്ന മൂന്നു കാര്യങ്ങൾ മാത്രമേ ദൈവവചനപ്രകാരം ഉള്ളൂ. ഇതിൽ സർവ്വലൌകിക ദൈവസഭ അദൃശ്യം ആണ്  കാരണം അതിൽ ഇന്ന് വരെ ജീവിച്ചിട്ടുള്ള എല്ലാ ദൈവ മക്കളും, ഇനി ജനിക്കാൻ പോകുന്ന എല്ലാ ദൈവമക്കളും ഉൾപ്പെടുന്നത് ആണ്.

എന്നാൽ ദൈവമക്കളുടെ കൂട്ടായ്മയായ പ്രാദേശിക ദൈവ സഭ ദൃശ്യം ആണ്. ഒരു വീണ്ടും ജനിച്ച ദൈവമകൻ തീർച്ചയായും ദൈവവചനപ്രകാരമുള്ള ഒരു പ്രാദേശിക സഭയുമായുള്ള ബന്ധത്തിൽ വരേണം.കാരണം തലയുമായുള്ള  അഭേദ്യ ബന്ധത്തിൽ, ഒരു ശരീരത്തിന്റെ ഭാഗമായി മാത്രമേ ഒരു അവയവത്തിനു നിലനിൽപ്പും, വളർച്ചയും  ഉള്ളൂ.

എഫെസ്യർ  4:16

ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും **ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു.**

എന്നാൽ ഇന്ന് കാണുന്ന സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന പലതും, മാനുഷിക സംഘടനകൾ മാത്രം ആണ്.അതിലെ പല അംഗങ്ങളും, പലപ്പോഴും നേതാക്കൾ പോലും യേശുവിന്റെ ജീവൻ ഉള്ളിലുള്ള ദൈവമക്കൾ ആവാൻ സാധ്യത ഇല്ല .അതിനാൽ തന്നെ അങ്ങനെയുള്ള സംഘടനകൾ, സഭ എന്ന് സ്വയം പേര് പറഞ്ഞാലും അത് മനുഷ്യനാൽ നിർമ്മിക്കപ്പെട്ടു മനുഷ്യനാൽ നയിക്കപ്പെടുന്ന മാനുഷിക സംഘടനകൾ മാത്രം ആണ്.അതിനാൽ തന്നെ അതിനു ക്രിസ്തുവിന്റെ ജൈവശരീരം ആയ സഭയുടെ ജീവനും, ഗുണങ്ങളും,സ്വഭാവും കാണുകയില്ല.മാത്രമല്ല എല്ലാ മാനുഷിക സംഘടനകളുടെയും കുഴപ്പങ്ങളും കുറവുകളും അതിൽ ഉണ്ടാകുകയും ചെയ്യും. എന്നാൽ ഇത്തരം മാനുഷിക സംഘടനകളെ ദൈവസഭ എന്ന് തെറ്റിദ്ധരിക്കുന്നതിനാൽ പലപ്പോഴും ദൈവനാമം ദുഷിക്കപ്പെടാൻ

സാധ്യത ഉണ്ട്.അതിനാൽ വീണ്ടും ജനിച്ച ദൈവമക്കൾ ഇത്തരം മാനുഷിക സംഘടനകളിൽ നിന്നും അകന്നിരിക്കേണ്ടതും ദൈവവചനപ്രകാരമുള്ള പ്രാദേശിക ദൈവസഭയുടെ ഭാഗം അകേണ്ടതും ആണ്.

**14. സ്വയം പ്രഖ്യാപിത 'മനുഷ്യ ദൈവങ്ങളും' യേശുവും തമ്മിലുള്ള വ്യത്യാസം എന്താണ്?**

**Answer:** യേശു ഒരു 'ആൾദൈവം' അല്ല, ആൾ ദൈവങ്ങൾ മനുഷ്യരായിരിക്കെ തങ്ങൾ ദൈവങ്ങൾ എന്ന് തന്നെത്താൻ ഉയർത്തുമ്പോൾ, അവകാശപ്പെടുമ്പോൾ യേശു ദൈവമായിരിക്കെ തന്നെ തന്നെത്താൻ താഴ്ത്തി മനുഷ്യനായി ഭൂമിയിലേക്ക് വന്നവനാണ് (ഫിലിപ്പിയർ 2:6-8). സാധാരണയുള്ള ആൾദൈവങ്ങളിൽ നിന്നുള്ള യേശുവിന്റെ വ്യത്യസ്തത നമുക്ക് പരിശോധിക്കാം.

1. യേശു ജനിക്കുന്നതിനു 1000 വർഷങ്ങൾക്കു മുൻപേ യേശുവിന്റെ ജനനവും, മരണവും ഒന്നിലധികം പ്രവാചകന്മാർ പ്രവചിച്ചിരുന്നു.
2. യേശുവിന്റെ ജനനവും സവിശേഷതയുള്ളതായിരുന്നു. അത് കന്യക ജനനം ആയിരുന്നു.
3. ഒരു ആൾ ദൈവവും മരണത്തെ തോൽപ്പിച്ച് ഉയർത്തിട്ടില്ല..
4. യേശു ഒരു ആൾ ദൈവമായിരുനെങ്കിൽ 2000 വർഷങ്ങൾക്കിപ്പുറവും യേശു തന്നെ പ്രവചിച്ചത് പോലെ ലോകമെമ്പാടും യേശുവിനെ സുവിശേഷം വ്യാപിക്കുകയും, യേശു ആരാധിക്കപ്പെടുകയും ചെയ്യില്ലായിരുന്നു.

മേൽപ്പറഞ്ഞതുപോലെ യേശു കേവലം ഒരു ആൾ ദൈവം അല്ല എന്ന് തെളിയിക്കുന്ന നിരവധി വസ്തുതകൾ ഉണ്ട്. യേശു ഭൂമിയിലേക്ക് വന്നത് മനുഷ്യരാശിയുടെ പാപങ്ങൾക്ക് പരിഹാരം ചെയ്ത്, നിത്യജീവനെ പ്രദാനം ചെയ്യാനാണ്. ആൾ ദൈവങ്ങൾക്ക് മനുഷ്യരാശിയുടെ പാപത്തിനു പരിഹാരം വരുത്താനോ, നിത്യജീവനെ നൽകാനോ കഴിയില്ല, കാരണം അവർ തന്നേ പാപികൾ ആണ്. ആത്മമരണം പ്രാപിച്ച മനുഷ്യനെ, പാപമോചനം നൽകി നിത്യജീവൻ നല്കാൻ ആൾദൈവങ്ങൾക്ക് കഴിവില്ല. അവർ പാപത്തിൽ മരിച്ചതിനാൽ, മറ്റുള്ളവർക്ക് പോകട്ടെ, സ്വയം

നിത്യജീവൻ നേടാൻ പോലും അവർക്ക് കഴിയില്ല. ആൾ ദൈവങ്ങൾ മതങ്ങൾ സ്ഥാപിക്കാനും, നല്ല ഉപദേശങ്ങൾ നൽകാനുമായി വന്നു. **പക്ഷെ പാപം മൂലം മരണത്തിന്റെ കീഴിലായ മനുഷ്യന് ആവശ്യം നല്ല ഉപദേശമോ മതമോ അല്ല, നിത്യജീവനും മരണത്തിൽനിന്നുള്ള വിടുതലുമാണ്. ഇതിനായാണ് യേശു ലോകത്തിലേക്ക് വന്നത്.യേശുക്രിസ്തു വന്നത് മരിച്ച മനുഷ്യന് മതം നൽകാൻ ആയിരുന്നില്ല, മറിച്ചു അവനു ആവശ്യമായിരുന്ന ജീവൻ നൽകാൻ ആയിരുന്നു. (യോഹന്നാൻ 10:10)**

**15. ശാസ്ത്ര സത്യങ്ങളുമായി പൊരുത്തപ്പെടാത്ത ബൈബിളിനെ എങ്ങനെ വിശ്വസിക്കും?**

**Answer:** ബൈബിൾ ഒരു ശാസ്ത്രഗ്രന്ഥമല്ല എന്നുള്ള വസ്തുത നാം ആദ്യം മനസ്സിലാക്കണം. നാൽപ്പതു വ്യത്യസ്ത എഴുത്തുകാരാൽ എഴുതപ്പെട്ടു, കൂട്ടിചേർക്കപ്പെട്ട പുസ്തകമാണ് ബൈബിൾ. പാപം മൂലം ദൈവതെജസ്സും, ദൈവീക കൂട്ടായ്മയും നഷ്ടപ്പെട്ട മനുഷ്യനെ വീണ്ടെടുക്കാൻ ദൈവം ഒരുക്കിയ നിത്യപദ്ധതിയുടെ സന്ദേശം ആണ് ബൈബിളിന്റെ സന്ദേശം. അതിനാൽ ആ രക്ഷാസന്ദേശത്തിലാണ് ബൈബിലിന്റെ ശ്രദ്ധ, അല്ലാതെ ഉള്ളടക്കത്തിലെ ശാസ്ത്രീയതയിൽ അല്ല . മാത്രമല്ല, മനുഷ്യന്റെ ആത്മാവിനാണ് ബൈബിൾ പ്രാധാന്യം നൽകുന്നത് അല്ലാതെ അവന്റെ ബുദ്ധിയെ ത്രിപ്തിപ്പെടുതുകയല്ല.മനുഷ്യൻ പാപം ചെയ്തു ദൈവവുമായി അകന്നില്ലായിരുന്നുവെങ്കിൽ ബൈബിൾ യാതൊരു പ്രയോജനവും ഇല്ലാത്ത ഒരു ഗ്രന്ഥം ആയി മാറിയേനെ. മനുഷ്യന്റെ വീഴ്ച്ചയും,വീണ്ടെടുപ്പും എന്ന ഒരു വലിയ ചിത്രമാണ് ബൈബിളിൽ കാണുന്നത്. ഈ വലിയ ചിത്രത്തിലെ ഒരു ചെറിയ ഭാഗം മാത്രമാണ് ശാസ്ത്രം. ബൈബിളിന്റെ പ്രധാന ലക്ഷ്യം ശാസ്ത്ര സത്യങ്ങൾ പഠിപ്പിക്കുകയല്ല, രക്ഷാസന്ദേശം, മനുഷ്യന്റെ ഭാഷയിൽ അവരോടു അറിയിക്കുകയാണ്, എന്നാൽ അതുമായി ബന്ധപ്പെട്ടുള്ള, ബൈബിൾ എഴുതിയ കലവട്ടത്തിൽ മനുഷ്യൻ അറിയതെയിരുന്ന ശാസ്ത്ര സത്യങ്ങൾ ദൈവവചനം വെളിപെടുത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് “രക്തത്തിൽ ജീവൻ ഉണ്ട്” എന്ന് ശാസ്ത്രം

കണ്ടെത്തുന്നതിനും വളരെ മുൻപേ ദൈവവചനം പറഞ്ഞു, എന്നാൽ അത് ശാസ്ത്രം പഠിപ്പിക്കാൻ അല്ല, പാപപരിഹരവുമായി ബന്ധപ്പെട്ടു ദൈവം അറിയിക്കുന്നത് ആണ്.എന്നാൽ സൂര്യൻ ഒരു സ്ഥലത്ത് നിന്നും ബദ്ധപ്പെട്ടു അടുത്ത ദിക്കിലേക്ക് പോകുന്നു എന്ന അശാസ്ത്രീയ പ്രസ്താവനകൾ എന്ന് തോന്നിപ്പിക്കുന്ന വാക്കുകൾ ബൈബിളിൽ കാണാം, അതിനു കാരണം മനുഷ്യൻ എല്ലാ കാലത്തും ഉപയോഗിക്കുന്നത് , ഭൂമി കറങ്ങുന്നു എന്ന ശാസ്ത്രീയ സത്യം അല്ല, സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു എന്ന അശാസ്ത്രീയ മനുഷ്യ ഭാഷ ആണ്.ദൈവീക രക്ഷാസന്ദേശം, മനുഷ്യ ഭാഷയിൽ, മനുഷ്യരാൽ മനുഷ്യന് എഴുതി നൽകപ്പെട്ടത് ആണ് ബൈബിൾ.

**16. ബൈബിൾ തിരുത്തലുകളും, കൂട്ടിച്ചേർക്കലുകളും വരുത്തിയ ഒരു ഗ്രന്ഥമാണ് എന്നത് ശരിയാണോ?**

ദൈവത്മ പ്രേരിതമായി നാല്പതോളം ആളുകളാൽ രചിക്കപ്പെട്ട പുസ്തകങ്ങൾ ആണ് ബൈബിൾ. അറുപത്താറു പുസ്തകങ്ങളിലായി, നാൽപതു എഴുത്തുകാർ, ആയിരത്തി നാനൂറ് വർഷം കൊണ്ട് എഴുതിയ ഗ്രന്ഥം ആയിട്ടുകൂടി ബൈബിളിന്റെ അടിസ്ഥാന സന്ദേശത്തിൽ ഒരു പൊരുത്തക്കേടുമില്ല. ബൈബിളിന്റെ ആശയം 'വീണു പോയ മനുഷ്യന്റെ വീണ്ടെടുപ്പു' ആണ്. മനുഷ്യരക്ഷക്കായുള്ള ദൈവപ്രവർത്തികളുടെ ചരിത്രമാൺ ബൈബിൾ. ഒരേ ആശയവും, സന്ദേശവും വ്യത്യസ്തരായ എഴുത്തുകാരാൽ, വ്യത്യസ്ത കാലഘട്ടത്തിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിച്ചിരുന്നവരാൽ എഴുതപ്പെട്ടതെങ്ങനെ? ഇവിടെയാണ് ബൈബിൾ രചനയിലെ ദൈവീക നിയന്ത്രണം കാണുന്നത്. ബൈബിളിലെ ആദ്യ ഗ്രന്ഥമായ ഉല്പത്തി ആരംഭിക്കുന്നത്, ദൈവസന്നിധിയിൽനിന്നും മനുഷ്യൻ പുറത്താക്കപ്പെടുന്നതും ഏദൻ തോട്ടം അടക്കപ്പെടുന്നതുമായ കാര്യങ്ങൾ കൊണ്ടാണെങ്കിൽ, അവസാന ഗ്രന്ഥമായ വെളിപ്പാടിൽ കാണുന്നത് മനുഷ്യൻ വീണ്ടും ദൈവ സാന്നിധ്യത്തിലേക്ക് വരുന്നതും, പറുദീസാ വീണ്ടും തുറക്കപ്പെടുന്നതുമാണ്. ഇത്ര സുദീർഘമായ കാലയളവിൽ വ്യത്യസ്ത എഴുത്തുകാരാൽ, വ്യത്യസ്തമായ സാഹചര്യങ്ങളിൽ എഴുതപ്പെട്ട പുസ്തകങ്ങളിൽ എപ്രകാരം ഒരേ സന്ദേശം നിലകൊള്ളും? ഇത് കാണിക്കുന്നത് ബൈബിൾ രചനയിലെ ദൈവീക നിയന്ത്രണം തന്നെയാണ്. ആയതിനാലാണ് ഇതിനെ നാം

'ദൈവവചനം' എന്ന് വിളിക്കുന്നത്. ബൈബിളിലെ പ്രവചനങ്ങൾ, സംഭവിച്ചതിനു ശേഷം എഴുതി വയ്ക്കപ്പെട്ടവയല്ല. നൂറ്റാണ്ടുകൾക് മുൻപ് എഴുതപ്പെട്ടവയാണ് അതുകൊണ്ട് ബൈബിൾ വ്യക്തമായ ദൈവീക നിയന്ത്രണത്തിൽ എഴുതപ്പെട്ടതാണ്. അതിൽ മാനുഷീകമായ തിരുത്തെലുകളോ കൂട്ടി ചേർക്കലുകളോ നടന്നിട്ടില്ല. എന്നാൽ ബൈബിളിന്റെ പകർപ്പുകളും, തർജ്ജിമകളും ദൈവാത്മ നിയന്ത്രിതം അല്ല.അത് മാനുഷിക തെറ്റുകൾക്ക് അധീനം ആണ്, അതിനാൽ പകർപ്പുകളിലും, തർജ്ജിമകളിലും ഉള്ള തെറ്റുകൾ സ്വാഭാവികം മാത്രം ആണ്.

17. **ബൈബിൾ ദൈവശ്വാസീയമായ ഗ്രന്ഥം ആണ് എങ്കിൽ എങ്ങനെയാണ് വ്യത്യസ്തമായ പല ബൈബിളുകൾ ഉണ്ടായത്?**

സത്യത്തിൽ വ്യത്യസ്തമായ ബൈബിളുകൾ ഇല്ല , വ്യത്യസ്തമായ തർജ്ജിമകൾ മാത്രം ആണ് ഉള്ളത്, ഇന്ന് നമ്മുടെ കയ്യിൽ ലഭ്യമായത് തർജ്ജിമകളും, പകർപ്പുകളും മാത്രം ആണ്, അതിൽ മാനുഷികമായ തെറ്റുകളും,അക്ഷര പിശകുകളും,പകർത്തിയെഴുത്തിലെ തെറ്റുകളും, ഭാഷകളിലെ വ്യത്യസ്തതയും സ്വാഭാവികം മാത്രം ആണ്.എന്നാൽ ദൈവത്മനിയന്ത്രിതം,ദൈവശ്വാസീയം എന്ന് നാം പറയുന്നത്, കയ്യെഴുത്ത് പ്രതികളോ, പകർപ്പുകളോ,തർജ്ജിമാകളോ, അല്ല ആദ്യമായി എഴുതപ്പെട്ട എഴുത്തുകളെ, ഗ്രന്ഥങ്ങളെ ആണ്.

18.**ബൈബിൾ എങ്ങനെ അതുല്യം ആകും? മറ്റു മത ഗ്രന്ഥങ്ങളുമായി ബൈബിളിനുള്ള വ്യത്യസ്തത എന്ത്?**

ബൈബിളിലെ സന്ദേശം അതുല്യം ആണ്, എല്ലാ മതഗ്രന്ഥങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ വേറൊരു തരത്തിൽ മനുഷ്യന്റെ സ്വഭാവത്തെ നല്ലതാക്കുവാൻ ശ്രമിക്കുമ്പോൾ, ബൈബിളിലെ സന്ദശം; മനുഷ്യൻ ഒരിക്കലും നന്നാക്കി എടുക്കുവാൻ കഴിയാത്ത വണ്ണം വീണവൻ ആണ് എന്നും, എന്നാൽ അവനു എങ്ങനെ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി ആകാം എന്നും പഠിപ്പിക്കുന്നു.

എല്ലാ മത ഗ്രന്ഥങ്ങളും,മരിച്ച മനുഷ്യന് നല്ലവൻ ആകാനുള്ള, സന്മാർഗ്ഗ്ങ്ങളും, ആചാര കർമ്മങ്ങളും പടിപ്പിക്കുമ്പോൾ ബൈബിൾ മനുഷ്യന് നഷ്ടമായ ദൈവീക ജീവൻ എങ്ങനെ തിരികെ ലഭിക്കാം

എന്നും, മനുഷ്യന് നഷ്ടമായ ദൈവീക കൂട്ടായ്മ എങ്ങനെ സാധ്യമാകും എന്നും,ആ ജീവനിൽ നിറഞ്ഞവനായി എങ്ങനെ ജീവിക്കാം എന്നും പഠിപ്പിക്കുന്നു.മരിച്ച മനുഷ്യന് ആവശ്യം ഉപദേശങ്ങളും, സന്മാർഗ്ഗ ചിന്തകളും,ആചാര കർമ്മങ്ങളും അല്ല,മറിച്ചു ജീവൻ ആണ്, ജീവൻ മാത്രമാണ്.അത് നൽകാൻ ആണ് യേശുക്രിസ്തു ഭൂമിയിൽ വന്നത് (യോഹന്നാൻ 10:10)

**എല്ലാ മതഗ്രന്ഥങ്ങളും, മനുഷ്യൻ ദൈവത്തെ കണ്ടെത്താനുള്ള മനുഷ്യന്റെ ശ്രമത്തിന്റെ സൃഷ്ടി ആണ്, എന്നാൽ ബൈബിൾ മനുഷ്യനെ തേടി വരുന്ന ദൈവത്തിന്റെ സന്ദേശം ആണ്.**

19. **ബൈബിൾ ദൈവവചനം എന്ന് പറയുന്നതിന് കാരണം എന്ത്? ബൈബിളിൽ ദൈവം പറയുന്ന കാര്യം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളോ?**

ബൈബിളിൽ ദൈവം പറയുന്നത് മാത്രമല്ല, മനുഷ്യരും, പിശാചും, പറയുന്ന കാര്യങ്ങൾ വരെയുണ്ട്, ദൈവം പറഞ്ഞ കാര്യങ്ങൾ മാത്രമുള്ള ഗ്രന്ഥം,അല്ലെങ്കിൽ ദൈവത്തിന്റെ വായിൽ നിന്നുള്ള വചനങ്ങൾ മാത്രം എന്ന നിലയിൽ അല്ല ബൈബിൾ ദൈവവചനം എന്ന് പറയുന്നത്.മറിച്ചു, ദൈവീക നിയന്ത്രണത്തിൽ മനുഷ്യൻ എഴുതിയത് എന്ന അർത്ഥത്തിൽ ആണ്.അതിൽ മനുഷ്യൻ പറയുന്നതും,പിശാചു പറയുന്നതും ആയ കാര്യങ്ങൾ അങ്ങനെ എഴുതാൻ അതിലെ ഗ്രന്ധകരന്മാരെ നിയന്ത്രിച്ചത് ദൈവമാണ്, അതിനാൽ ആണ്, ബൈബിളിനെ ദൈവീക ഗ്രന്ഥം എന്ന് പറയുന്നത്.

**20. നാലു സുവിശേഷങ്ങളിൽ പല വ്യത്യാസങ്ങളും കാണപ്പെടുന്നത് എന്തുകൊണ്ട്? ചില സംഭവങ്ങൾ എല്ലാ സുവിഷേങ്ങളിലും പരാമർശിക്കാത്തത് എന്തുകൊണ്ട്?**

**Answer:** നാലു സുവിശേഷങ്ങൾ നാലു വ്യത്യസ്തരായ എഴുത്തുകാരാൽ, നാലു വ്യത്യസ്ത ജനവിഭാഗങ്ങളെ മുൻപിൽ കണ്ടു എഴുതിയതാണ്. മത്തായുടെ സുവിശേഷം 'യേശു പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണം ആണന്നും, വാഗ്ദത്തം ചെയ്യപ്പെട്ട്, യഹുദർ ദീർഘകാലമായി കാത്തിരിക്കുന്ന മശിഹ ആണെന്നത്' യഹൂദ്ന്മാരെ ബോധ്യപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്. മർക്കോസ് അഭിസംബോധന ചെയ്തതു റോമാക്കാരെയാണ്.. അതിനാലാണ് മർക്കോസ്

ക്രിസ്തുവിന്റെ അത്ഭുതങ്ങളുടെ വിവരണത്തിന് മുൻതൂക്കം കൊടുത്തത്. യേശുവിന്റെ പാവങ്ങളോടും, പുറന്തള്ളപ്പെട്ടവരോടും ഉള്ള അനുകമ്പയും, അവനിലെ പുർണ്ണമനുഷ്യനെയുമാണ് ലൂക്കോസ് ചിത്രീകരിച്ചത്. യോഹന്നാൻ യേശു ദൈവപുത്രനാണ് എന്ന് സ്ഥാപിക്കാനാണ് ശ്രമിച്ചത്. നാലു സുവിശേഷങ്ങളിൽ കാണുന്ന വ്യത്യസ്തതക്ക് കാരണം, അതിന്റെ എഴുത്തുകാർ വിവിധ ജനവിഭാഗങ്ങളെ മുൻപിൽ കണ്ടു എഴുതിയതുകൊണ്ടും, പ്രമേയത്തിന്റെ വ്യത്യസ്തതകൊണ്ടുമാണ്. അതിനാലാണ് ചില സംഭവങ്ങൾ എല്ലാ സുവിഷേങ്ങളിലും പ്രതിപാദിക്കാത്തത്.

**21. യേശുവിന്റെ വംശാവലി, മത്തായി, ലുക്കൊസ് എന്നിവരുടെ സുവിശേഷങ്ങളിൽ വ്യത്യസ്തമായി കാണപ്പെടുന്നത് എന്തുകൊണ്ട്?**

**Answer:** ലൂക്കോസ് യേശുവിന്റെ അമ്മയായ മറിയയുടെ വംശാവലി രേഖപ്പെടുത്തിയപ്പോൾ, മത്തായി പിതാവായ ജോസഫിന്റെ വംശാവലിയാണ് രേഖപ്പെടുത്തിയത്. മത്തായി യേശുവിന്റെ പിതാവായ ജോസഫിന്റെ വംശപരമ്പരയിലെ ദാവീദ് രാജാവിന്റെയും, മകനായ ശലോമോന്റെയും പിന്തുടർച്ചയാണ് രേഖപ്പെടുത്തിയത്. എന്നാൽ ലുക്കോസ് ദാവിദ് രാജാവിന്റെ മറ്റൊരു മകനായ നാഥാന്റെ വംശപരമ്പരയാണ് രേഖപ്പെടുത്തിയത്. യഹൂദന്മാരുടെ ഇടയിൽ സ്ത്രീകളിൽ കൂടിയുള്ള വംശാവലി പറയുന്ന രീതി ഇല്ലാത്തതിനാൽ ഹേലിയുടെ മരുമകൻ എന്ന അർത്ഥത്തിൽ ആണ്,മകൻ എന്ന വാക്ക് ലൂക്കോസ് ഉപയോഗിക്കുന്നത്.ജോസഫിന്റെയും മറിയയുടെയും വംശാവലി പ്രകാരം യേശു ദാവീദിന്റെ പിൻതുടർച്ചക്കാരനാണ്. ആയതിനാൽ മിശിഹ ദാവീദ് വംശത്തിൽ ജനിക്കും എന്ന പ്രവചനം നിവർത്തിയായി.മാത്രമല്ല, ക്രിസ്തു സ്ത്രീയുടെ സന്തതിയായും ജനിക്കേണം എന്നുള്ളതും പ്രവചനമായിരുന്നു.

**22. “ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകുടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും” എന്ന് യേശു പറഞ്ഞതായി ബൈബിളിൽ കാണുന്നു. ഇതു മുഹമ്മദ് നബിയെപ്പറ്റിയല്ലേ?**

**Answer:** തീർച്ചയായും അല്ല. യേശു ഇവിടെ പരാമർശിക്കുന്നത് പരിശുദ്ധാത്മാവിനെപ്പറ്റിയാണ്. മേൽപ്പറഞ്ഞ വാക്യത്തിന്റെ

അടുത്തുള്ള വാക്യത്തിൽ എഴുതിയിരിക്കുന്നത് അത് വ്യക്തമാക്കിയിരിക്കുന്നത് ശ്രദ്ധിക്കുക. “പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും” (യോഹന്നാൻ 14:26). മുഹമ്മദ് നബി പിതാവായ ദൈവത്തിൽ നിന്ന് കർത്താവിന്റെ നാമത്തിൽ വന്ന കാര്യസ്ഥൻ ആയിരുന്നില്ല.. മേൽപ്പറഞ്ഞ വാക്യത്തിൽ ‘എപ്പോഴും നിങ്ങളോട് കൂടെ ഉണ്ടായിരിക്കും’ എന്ന് കാണുന്നു. എന്നാൽ മുഹമ്മദ് A.D 632ൽ മരിച്ചു. മാത്രമല്ല, യേശു ഉടനെ വരുന്ന ഒരു സഹായകനെ, ശിഷ്യന്മാരുടെ ഉള്ളിൽ വസിക്കുന്ന, ഒരു വ്യക്തിയെപ്പറ്റിയാണ് പറയുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും മുഹമ്മദ് നബിയുടെ കാര്യത്തിൽ ശരിയല്ല. അതിനാൽ യേശു പറയുന്ന സഹായകൻ മുഹമ്മദ് നബിയല്ല എന്ന് വ്യക്തം.

ആവർത്തന പുസ്തകം 18:18, ഇപ്പ്രകാരം തെറ്റായി വ്യാഖ്യാനിക്കുന്ന ഒരു വാക്യമാണ്. “നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേൽപ്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും. ഞാൻ അവനോടു കല്പ്പിക്കുന്നതോക്കെയും അവൻ അവരോടു പറയും”. മോശ ഇസ്രായേൽക്കാരോട് പറഞ്ഞതാണ് മേൽപ്പറഞ്ഞ വാക്യം. “അവരുടെ സഹോദരന്മാർ” എന്ന് പരാമർശിക്കുന്നത് യിസ്രായേലിലെ മറ്റു ഗോത്രവംശങ്ങളെ പറ്റിയാണ്. മോശ പറഞ്ഞത്, തന്നെപ്പോലെ ഒരു പ്രവാചകനെ യഹൂദന്മാരുടെ ഇടയിൽനിന്നും എഴുന്നേൽപ്പിക്കും എന്നാണ്. ഈ പ്രവാചകൻ ഒരു യഹൂദൻ ആയിരിക്കണം. മുഹമ്മദ് നബി യഹൂദനല്ല, മറിച്ചു അറബ് വംശജനായിരുന്നു. മോശ പറഞ്ഞ പ്രവാചകൻ യേശുവാണ്. നസ്രേയനായ യേശുക്രിസ്തുവിനെക്കുറിച്ചാണ് ആവർത്തന പുസ്തകം പതിനെട്ടാം അധ്യായത്തിൽ പ്രവചിക്കപ്പെട്ടിരിക്കുന്നത്. യേശു പറഞ്ഞു “നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു; അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു” (യോഹന്നാൻ 5:46). ആയതിനാൽ ബൈബിൾ മുഹമ്മദ് നബിയെപ്പറ്റി ഒന്നും പറയുന്നില്ല.

**23. ബൈബിളിലെ ദൈവവും, ഖുറാനിലെ അല്ലാഹുവും ഒരു വ്യക്തി ആണോ, അല്ലെങ്കിൽ എന്ത് കൊണ്ട്?**

തീർച്ചയായും അല്ല, ബൈബിളിൽ ദൈവം തന്നെ പരിചയപ്പെടുത്തുന്നത് യഹോവ എന്ന നാമത്തിൽ ആണ്, തന്റെ നാമം ഒരിക്കലും താൻ മാറ്റിയിട്ടില്ല,മാറ്റുകയും ഇല്ല, കാരണം അത് എന്നേക്കും തന്റെ നാമം ആണ് എന്ന് ദൈവം പറയുന്നു.

(പുറപ്പാടു് 3:15 "അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഇതു എന്നേക്കും എന്റെ നാമവും തലമുറ തലമുറയായി എന്റെ ജ്ഞാപകവും ആകുന്നു").

ഭാഷകൾ മാറുമ്പോഴും പേര് മാറുകയില്ല, അള്ളാഹു എന്നത് ദൈവം എന്ന സർവ്വനാമത്തിന്റെ അറബി അർഥം അല്ല, മറിച്ചു ഇസ്ലാം വിശ്വസിക്കുന്ന ദൈവത്തിന്റെ പേര് ആണ്.മാത്രമല്ല മറ്റു അനേകം വ്യത്യാസങ്ങൾ നമുക്ക് കാണുവാൻ കഴിയും, രണ്ടു വ്യക്തികൾ തമ്മിൽ കുറച്ചു സാമ്യത ഉള്ളത് കൊണ്ട് രണ്ടു പേരും ഒന്നാണ് എന്ന് പറയാൻ ഒരിക്കലും കഴിയില്ല, എന്നാൽ രണ്ടു വ്യക്തികളുടെ വ്യത്യസ്തകൾ കൊണ്ട് അവർ രണ്ടു പേരും രണ്ടാണ് എന്ന് ഉറപ്പിക്കാം.

24.**ബൈബിളിലെ ക്രിസ്തുവും, ഖുറാനിലെ ഇസായും ഒരു വ്യക്തി ആണോ, അല്ലെങ്കിൽ എന്ത് കൊണ്ട്?**

മുകളിൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് തന്നെ രണ്ടു വ്യക്തികൾ ആണ് എന്ന് ഉറപ്പിക്കുവാൻ കഴിയും,സാമ്യതകൾ വരാൻ കാരണം ഒരു ഗ്രന്ഥം ഇറങ്ങിയതിനു നൂറ്റാണ്ടുകൾക്കു ശേഷം അതിൽ നിന്നും ചിലത് എടുത്തു വേറെ ഒരു ഗ്രന്ഥം ഉണ്ടാക്കുമ്പോൾ തീർച്ചയായും ആദ്യത്തെ ഗ്രന്ഥത്തിലെ വ്യക്തികളുടെ സാമ്യത ഉണ്ടാകും.എന്നാൽ അതിൽ നിന്നും നമുക്ക് യഥാർത്ഥ ഗ്രന്ഥം ഏതാണ് എന്ന് മനസ്സിലാക്കാൻ കഴിയും.

**25.ന്യായപ്രമാണം പാലിക്കുന്നതിൽ കൂടി നിത്യജീവൻ ലഭിക്കും എന്ന് യേശുക്രിസ്തു തന്നെ പറഞ്ഞപ്പോൾ, ക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുന്നതിൽ കൂടിയാണ് നിത്യജീവൻ എന്ന് പറയുന്നത് തെറ്റല്ലേ?**

തീച്ചയായും ന്യായപ്രമാണം പാലിച്ചാൽ നിത്യജീവൻ ലഭിക്കും എന്ന് ദൈവവചനം പറയുന്നു, എന്നാൽ ജഡതാലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണം പൂർണ്ണമായും പാലിക്കാൻ ഒരു മനുഷ്യനും കഴിയില്ല എന്നും ദൈവവചനം പറയുന്നു.അതിനാൽ ന്യായപ്രമാണം കൊടുക്കുന്നതിനു വളരെ മുൻപ് തന്നെ ദൈവം യേശുക്രിസ്തുവിൽ കൂടിയുള്ള നിത്യജീവന്റെ വാഗ്ദത്തം കൊടുത്തിരുന്നു.

എന്നാൽ ന്യായപ്രമാണം അനുസരിച്ച് നിത്യജീവൻ പ്രാപിക്കുവാൻ ഒരുവൻ ശ്രമിച്ചു പരാജയപ്പെടുമ്പോൾ അവൻ തന്റെ ജഡത്തിന്റെ ബലഹീനത മനസ്സിലാക്കുകയും, നിത്യജീവൻ തരാൻ കഴിയുന്ന പുത്രനിലേക്ക് നടത്തപ്പെടുകയും ചെയ്യുന്നു.അങ്ങെനെ ന്യായപ്രമാണം ക്രിസ്തുവിങ്കലേക്ക് നയിക്കുന്ന ശിശുപലകൻ ആകുന്നു.അതിനാൽ ആണ് ന്യായപ്രമാണം അനുസരിച്ച് നിത്യജീവൻ നേടാൻ പറഞ്ഞ അതെ യുവാവിനോട് കർത്താവ്, അതിനു ശേഷം എല്ലാം വിട്ടു തന്നെ അനുഗമിക്കാൻ,അഥവാ ക്രിസ്തുവിനെ കർത്താവു ആയി സ്വീകരിക്കുവാൻ പറഞ്ഞത്.എന്നാൽ അവനു അതിനു മനസ്സില്ലതതിനാൽ ആണ് നിത്യജീവൻ നഷ്ടപ്പെട്ടത്.

**26.യേശുവിന്റെ കാൽപാദങ്ങൾ പിന്തുടരാൻ പറഞ്ഞപ്പോൾ, എന്ത് കൊണ്ട് ക്രിസ്ത്യാനികൾ യേശുക്രിസ്തുവിന്റെ മാതൃകയായ പരിച്ഛേദന നടത്തുന്നില്ല?**

യേശുക്രിസ്തു വന്നത് ന്യായപ്രമാണത്തിന്റെ കീഴിൽ ആയിരുന്നു, , ന്യായപ്രമാണം പൂർണമായും നിവര്തിക്കുവാൻ കഴിയാത്ത മനുഷ്യൻ ന്യായപ്രമാണ ലങ്ഘനതിന്റെ ഫലമായുള്ള ശാപത്തിൻ കീഴിൽ ആയി.എന്നാൽ ക്രിസ്തു ന്യായപ്രമാനതിൻ കീഴിൽ വന്നു ന്യായപ്രമാണം പൂർണ്ണമായും നിവർത്തിച്ചു, മരത്തിൻ മേൽ തൂങ്ങിയവനായി മരിച്ചു മനുഷ്യന്റെ ന്യായപ്രമാണലന്ഘനത്തിന്റെ ശാപം ഏറ്റെടുത്തു.മാത്രമല്ല, നമ്മെ ന്യായപ്രമാനതിൻ കീഴിൽ നിന്നും വിടുവിച്ചു, മക്കൾ ആക്കി തീർത്തു.ഇനി നാം ന്യായപ്രമാനത്തിലെ ആചാരങ്ങൾ ആചരിക്കേണ്ട കാര്യം ഇല്ല, നാം മക്കൾ എന്ന നിലയിൽ ദൈവാത്മാവിനെ അനുസരിച്ചാണ് ജീവിക്കേണ്ടത്. അങ്ങനെയാണ്, ക്രിസ്തു പിതാവിനെ അനുസരിച്ച് ജീവിച്ചത് പോലെ നാം യേശുക്രിസ്തുവിന്റെ കാൽപാദങ്ങൾ പിന്തുടരുന്നത്, മാത്രമല്ല,

പരിച്ഛേദന ക്രിസ്തുവിൽ കൂടി പൂര്ത്തീകരിക്കപ്പെടാനുള്ള ഹൃദയ പര്സ്ച്ചെടനയുടെ നിഴൽ ആണ് എന്ന് പഴയ നിയമത്തിൽ തന്നെ പറഞ്ഞിരുന്നു.

**27. യേശു പറഞ്ഞിട്ടുണ്ട് " ഞാൻ ഭുമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്ന് നിരൂപിക്കരുതു; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്" (മത്തായി 10:34,35). പിന്നെ എങ്ങനെ യേശു സ്നേഹമാണെന്നും, പാപങ്ങൾ ക്ഷമിക്കുന്നവൻ ആണെന്നും പറയാൻ സാധിക്കും?**

**Answer:** യേശു ശിഷ്യന്മാരോട് പറഞ്ഞ വചനമാണിത്. ഇവിടെ 'വാൾ' എന്നത് ആലങ്കാരിക ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നു. വാൾ വസ്തുക്കളെ രണ്ടായി മുറിക്കുന്നു അല്ലങ്കിൽ വിഭജിക്കുന്നു എന്ന് സാരം. യേശു ലോകത്തിലേക്ക് വന്നപ്പോൾ ലോകം രണ്ടായി വിഭജിക്കപ്പെട്ടു. യേശുവിന്റെ രക്ഷ സ്വീകരിച്ചവരും, അത് നിരാകരിച്ചവരും. ഏതെങ്കിലും ഒരു പുത്രൻ യേശുവിനെ സ്വീകരിക്കുകയും, അവന്റെ പിതാവ് സ്വീകരിക്കാതെയിരിക്കുകയും ചെയ്താൽ അവരുടെ ഇടയിൽ ഈ വിഭജനം ഉണ്ടാകുന്നു. ചുരുക്കത്തിൽ, യേശുവിനെ സ്വീകരിക്കുന്നതിലൂടെ, സ്നേഹിക്കുന്നതിൽ കൂടി, പല കുടുംബങ്ങളിലും വിഭജനത്തിനു കാരണമാകുന്നു.യഥാർത്ഥത്തിൽ കർത്താവ് വന്നതിനു ശേഷം രണ്ടു വിഭാഗം ആൾക്കാർ മാത്രമേ ഭൂമിയിൽ ഉള്ളൂ, യേശുവിൽ കൂടിയുള്ള നിത്യജീവൻ പ്രാപിച്ചവരും, ജീവനില്ലാതെ മരിച്ചവരും. യേശു വന്നത് വാളുമായിട്ടാണ് എന്നും പരസ്പരം വാളെടുത്തു കൊല്ലാൻ യേശു പറഞ്ഞു എന്നും മേല്പറഞ്ഞ വാക്യം ദുർവ്യാഖ്യാനം ചെയ്യരുത്.

~~~~~~~~~~~~~~
~~~~~~~~~~~~~~